**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 570** **13-01-2021 - ൽ മറുപടിയ്ക്ക്**

**കേരള വോളന്റിയർ യൂത്ത് ആക്ഷൻ ഫോഴ്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഷാനിമോൾ ഉസ്മാൻ** | | **Shri E. P. Jayarajan**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ കീഴിലുള്ള കേരള വോളന്റിയർ യൂത്ത് ആക്ഷൻ ഫോഴ്സിൽ നിലവിൽ എത്ര പേർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ കീഴിലുള്ള കേരള വോളന്റിയർ യൂത്ത് ആക്ഷൻ ഫോഴ്സിൽ നിലവിൽ 1,15,000/- പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | നിലവിൽ ഏതൊക്കെ മേഖലകളിലാണ് അവരുടെ സേവനം വിനിയോഗിക്കുന്നതെന്നും കോവിഡ് കാലത്ത് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകളിൽ അവരുടെ സേവനം ലഭ്യമാക്കിയിരുന്നോയെന്നും വ്യക്തമാക്കാമോ; | (ബി) | പ്രകൃതി ദുരന്തങ്ങൾ നേരിടുന്നത് കൂടാതെ മാലിന്യ നിർമ്മാർജ്ജനം, പാലിയേറ്റീവ് പ്രവർത്തനം, സാമൂഹിക തിൻമകൾക്കെതിരെ ബോധവൽക്കരണം, കുടിവെള്ള സംരക്ഷണം, പരിസ്ഥിതി സംരക്ഷണം, സർവ്വേ തുടങ്ങിയ മേഖലകളിൽ കേരള വോളന്റിയർ യൂത്ത് ആക്ഷൻ ഫോഴ്സിന്റെ സേവനം പ്രയോജനപ്പെടുത്തുന്നു. കൂടാതെ കോവിഡ് കാലത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പ്രവർത്തിച്ചു വരുന്ന ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകളിൽ ഇവരുടെ സേവനം ലഭ്യമാക്കിയിരുന്നു. |
| (സി) | ഇവർക്കായി പ്രത്യേക പരിശീലന പരിപാടി സംഘടിപ്പിച്ചിട്ടുണ്ടോയെന്നും ഇതിനായി എന്ത് തുക ചെലവഴിച്ചുവെന്നും അറിയിക്കുമോ; | (സി) | ഓരോ ജില്ലയിൽ നിന്നും തെരഞ്ഞെടുത്ത 20 വീതം കേരള വോളന്റിയർ യൂത്ത് ആക്ഷൻ ഫോഴ്സ് അംഗങ്ങൾക്കായി ഇടുക്കി ജില്ലയിലെ ദേശീയ സാഹസിക അക്കാദമിയിൽ വച്ച് ദുരന്തനിവാരണ പരിശീലന പരിപാടി സംഘടിപ്പിച്ചു വരികയാണ്. ഇതിലേയ്ക്കായി നടപ്പ് സാമ്പത്തിക വർഷം 20,56,950/- (ഇരുപത് ലക്ഷത്തി അൻപത്തിയാറായിരത്തി തൊള്ളായിരത്തി അൻപത് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത ദുരന്തനിവാരണ പരിശീലനത്തിൽ ജീവൻരക്ഷാ പരിശീലനം, സി.പി.ആർ പരിശീലനം, നീന്തൽ പരിശീലനം, സ്കൂബാ ഡൈവിംഗ്, പരിസ്ഥിതി പഠനം തുടങ്ങിയവ ഉൾപ്പെടുന്നു. |
| (ഡി) | പ്രസ്തുത ഫോഴ്സിലെ അംഗങ്ങൾക്ക് എയർഫോഴ്സിന്റെ വിഭാഗത്തിൽ പരിശീലനം നൽകുന്നതിന് സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ഡി) | കേരള വോളന്റിയർ യൂത്ത് ആക്ഷൻ ഫോഴ്സ് അംഗങ്ങൾക്ക് എയർഫോഴ്സിന്റെ വിഭാഗത്തിൽ പരിശീലനം നൽകുന്നതിന് സാധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ